## ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 01.06.2021-ന് ചേർന്ന സംസ്ഥാനത്തെ അംഗീകൃത അധ്യാപക സംഘടനാപ്രതിനിധികളുടെ യോഗത്തിന്റെ നടപടി കുറിപ്പ്

ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ഉച്ചയ്ക്ക് 1.00 മണിക്ക് യോഗം ആരംഭിച്ചു.

**[യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു]**

ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി യോഗത്തിൽ പങ്കെടുത്ത, എല്ലാവരെയും സ്വാഗതം ചെയ്തു കൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്രവും സമൂലവുമായ മാറ്റം ഉണ്ടാകണമെന്നുള്ള പ്രഖ്യാപനം സർക്കാർ നടത്തിയിട്ടുണ്ട് എന്ന് അറിയിച്ചു. കേരളത്തിനെ ഒരു വൈജ്ഞാനിക സമൂഹമായി മാറ്റുന്നതിന് വലിയ പങ്ക് വഹിക്കേണ്ടുന്ന മേഖലയാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ്. അതോടൊപ്പം ഉന്നത വിദ്യാഭ്യാസ വകുപ്പ് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് സർവ്വകലാശാലകളുടെ ചട്ടങ്ങളും, നിയമങ്ങളും മാറുന്ന കാലത്തിന് അനുസൃതമായ രീതിയിൽ അവയെ മാറ്റി ഒരു പരിവർത്തനത്തിന് വിധേയമായി ചിട്ടപ്പെടുത്തേണ്ടതുണ്ട് എന്നും അഭിപ്രായപ്പെട്ടു. തുടർന്ന് ഇന്നത്തെ യോഗത്തിന്റെ പ്രധാന ഉദ്ദേശം ചുവടെ പറയും പ്രകാരമാണെന്ന് ബഹു. മന്ത്രി വ്യക്തമാക്കി.

1. 2021 ജൂൺ പതിനഞ്ചോടുകൂടി ഈ വർഷത്തെ കോളേജുകളിലെ പരീക്ഷകൾ ആരംഭിക്കേണ്ടതുണ്ട്.
2. അവസാന വർഷത്തെ കോളേജ് പരീക്ഷാഫലം 2021 ജൂലൈ 31-ന് പ്രഖ്യാപിക്കണം.
3. പരീക്ഷയുമായി ബന്ധപ്പെട്ട് കുട്ടികളുടെ ആശങ്ക ദൂരീകരിക്കുന്നതിനോടൊപ്പം പരാതികൾ ഒന്നും കൂടാതെ പരീക്ഷ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

തുടർന്ന് അധ്യാപക സംഘടനാ പ്രതിനിധികൾ ഉന്നത വിദ്യാഭ്യാസ രംഗത്തെ വിവിധ വിഷയങ്ങൾ, അവർ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ

ഉന്നയിക്കുകയും അവ നിലനിൽക്കേതന്നെ, ഈ യോഗത്തിന്റെ പ്രധാന വിഷയം കോവിഡ് മഹാമാരി കാലത്ത് വിദ്യാർത്ഥികളുടെ പരീക്ഷ നടത്തിപ്പ് സംബന്ധിച്ചുള്ളതായതിനാൽ താഴെ പറയും പ്രകാരം അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി.

1. യോഗത്തിന്റെ അജണ്ട മുൻകൂട്ടി നൽകണം.
2. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരീക്ഷയ്ക്ക് മുമ്പായി പ്രതിരോധ കുത്തിവെയ്പിനുള്ള സൗകര്യങ്ങൾ ഒരുക്കണം.
3. കോളേജും ക്ലാസ്സ് മുറികളും ശുചീകരിക്കണം.
4. പരീക്ഷാ ദിവസം വിദ്യാർത്ഥികൾക്ക് KSRTC മുഖേന വാഹന സൗകര്യം ഒരുക്കണം.
5. കൂടുതൽ പരീക്ഷ കേന്ദ്രങ്ങൾ അനുവദിക്കണം.
6. വിദ്യാർത്ഥികളുടെ താമസ സ്ഥലത്തിന്റെ സമീപത്ത് പരീക്ഷ കേന്ദ്രങ്ങൾ അനുവദിക്കണം.
7. സ്ഥിര അധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.
8. E-GRANTS കമ്മ്യൂണിറ്റി ക്വാട്ട /മാനേജ്മെന്റ് ക്വാട്ടയിൽ കുട്ടികൾക്കും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം
9. KSRTC -യിലെ യാത്ര ഇളവുകൾ മെറിറ്റ് അഡ്മിഷനില്ലാതെ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും നൽകണം.
10. സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ എഞ്ചിനിയറിംഗ് കോളേജുകളിൽ സിലബസ് പ്രകാരമുള്ള അധ്യായനം ഇതുവരെ പൂർത്തികരിച്ചിട്ടില്ല. ആയതുകൊണ്ട് എഞ്ചിനിയറിംഗ് വിദ്യാർത്ഥികളുടെ പരീക്ഷ നീട്ടിവെയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി.
11. പോളി ടെക്നിക്കുകളിൽ ഓൺലൈനായാണ് പരീക്ഷകൾ നടക്കുന്നത്. പോളി ടെക്നിക്കുകളെ സംബന്ധിച്ച് ഒരു ദിവസം തന്നെ രണ്ടോ മൂന്നോ ബാച്ചുകളായി പരീക്ഷകൾ നടത്തുന്നതിന് ബുദ്ധിമുട്ടില്ല. പരീക്ഷ സമയം 3 മണിക്കൂർ എന്നത് കുറയ്ക്കണമെന്നും അഭിപ്രായപ്പെട്ടു.

12. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് സ്ഥിരമായിട്ട് ഒരു ഡയറക്ടറെ നിയമിക്കണം.

13. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും ഗോത്ര വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും മൊബൈൽ ഫോണിന്റെ ലഭ്യതയില്ലാത്തതിനാൽ ക്ലാസ്സുകളിൽ പങ്കെടുക്കാൻ കഴിയുന്നില്ല. ഇക്കാര്യത്തിൽ നടപടിയുണ്ടാകണം.

14. പരീക്ഷ കേന്ദ്രങ്ങൾ സൗകര്യ പ്രദമായി മാറുന്നതിന് അനുവദിക്കണം.

15. പരീക്ഷ ഫലം സമയബന്ധിതമായി പ്രഖ്യാപിക്കണം.

16. ആവശ്യമുള്ള സർവ്വകലാശാല പരീക്ഷകൾ നടത്തുന്നതിന് സ്കൂളുകൾ കൂടി ഉപയോഗിക്കണം.

പൊതുവിദ്യാഭ്യാസ രംഗത്ത് ഉള്ളതുപോലെ QUALITY IMPROVEMENT PROGRAME (QIP) ഉന്നത വിദ്യാഭ്യാസ മേഖലയിലും നടപ്പിലാക്കണമെന്ന കാര്യം യോഗത്തിൽ ഉന്നയിക്കപ്പെട്ടു. ഇക്കാര്യം പരിശോധിക്കാമെന്ന് ബഹു. മന്ത്രി അറിയിച്ചു. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച വിഷയം ചർച്ച ചെയ്യാനാണ് ഇന്ന് യോഗം കൂടിയതെന്നും, മറ്റ് വിഷയങ്ങൾ അഭിസംബോധന ചെയ്യുന്നതിന് പ്രത്യേകം യോഗങ്ങൾ വിളിക്കാമെന്നും ബഹു. മന്ത്രി അറിയിക്കുകയുണ്ടായി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇവിടെ ഉന്നയിക്കപ്പെട്ട എല്ലാ കാര്യങ്ങളും വളരെ ശ്രദ്ധപൂർവ്വമായി തന്നെ നടപ്പിലാക്കാൻ കഴിയുന്ന നടപടികൾ സ്വീകരിക്കുമെന്നും ബഹു. മന്ത്രി യോഗത്തെ അറിയിച്ചു. പരീക്ഷാ നടത്തിപ്പിന് എല്ലാ പേരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു.

യോഗം 4.30 PM -ന് അവസാനിച്ചു.

## യോഗത്തിൽ പങ്കെടുത്തവർ

1. ഡോ. വേണു.വി.ഐ.എ.എസ്, അഡിഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
2. ശ്രീ.വിഘ്നേശ്വരി. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
3. ഡോ.അബ്ദുൾ കലാം, കെ.പി.സി.റ്റി.എ.
4. ശ്രീ.സാജൻ, സംസ്ഥാന സെക്രട്ടറി, കേരള എൻ.ജി.ഒ യൂണിയൻ
5. ശ്രീ.മോഹൻ ചന്ദ്രൻ, സെക്രട്ടറി, കേരള ഗസറ്റഡ് ഓഫീസർസ് അസോസിയേഷൻ
6. ശ്രീ.അബ്ദുൾ നാസർ, സർക്കാർ & എയ്ഡഡ് പോളിടെക്നിക് ടീച്ചിംങ് സ്റ്റാഫ് അസോസിയേഷൻ.
7. ഡോ.മനോജ് ജോൺസൻ, സംസ്ഥാന പ്രസിഡന്റ്, കേരള ഗസറ്റഡ് ഓഫീസേർസ് യൂണിയൻ
8. ശ്രീ.അനിൽ കുമാർ, പ്രസിഡന്റ്, സർക്കാർ കോളേജ് ടീച്ചേഴ്സ് ഓർഗനൈസേഷൻ
9. ശ്രീ.സലാഹുദീൻ, സംസ്ഥാന പ്രസിഡന്റ്, കോൺഫെഡറേഷൻ ഓഫ് കോളേജ് ടീച്ചേഴ്സ്
10. ശ്രീ.സത്യൻ, ജനറൽ സെക്രട്ടറി, എ.കെ.ജി.സി.റ്റി.
11. ശ്രീ.ജോഷി അലക്സ്, സംസ്ഥാന പ്രസിഡന്റ്, കെ.സി.പി.സി.റ്റി.
12. ശ്രീ.അസർ, സംസ്ഥാന ഗസറ്റഡ് ഓഫീസർസ് യൂണിയൻ
13. ശ്രീ.ഹരികുമാർ, സെക്രട്ടറി, പ്രോഗ്രസ്സിവ് ഫെഡറേഷൻ ഓഫ് കോളേജ് ടീച്ചേഴ്സ്
14. ഡോ.ജഫീസ്, സംസ്ഥാന ജനറൽ സെക്രട്ടറി, സർക്കാർ കോളേജ് ടീച്ചേഴ്സ് ഓർഗനൈസേഷൻ.
15. ശ്രീ.അഷ്റഫ്.കെ.കെ. സംസ്ഥാന പ്രസിഡന്റ്, കോൺഫെഡറേഷൻ ഓഫ് കോളേജ് ടീച്ചേഴ്സ്
16. ശ്രീ.ചെറിയാൻ ജോൺ, സംസ്ഥാന വൈസ് പ്രസിഡന്റ്, കെ.പി.സി.കെ
17. ശ്രീ.അൻവർ, ഡിപ്ലോമ എഞ്ചിനീയറിംഗ് ടീച്ചേർസ് ഓർഗനൈസേഷൻ
18. ശ്രീ.സൂരജ്, ജനറൽ സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസം, എ.കെ.റ്റി.ഒ
19. ഡോ.ഉദയകല, സംസ്ഥാന പ്രസിഡന്റ്, പി.എം.സി.റ്റി
20. ശ്രീ.രഘുനാഥ്, സംസ്ഥാന വൈസ് പ്രസിഡന്റ്, ഉന്നത വിദ്യാഭ്യാസ അധ്യാപക സംഘടന
21. ശ്രീ.പത്മനാഭൻ, ജനറൽ സെക്രട്ടറി, എ.കെ.പി.സി
22. ശ്രീ.ജോഷി മാത്യു, സംസ്ഥാന ജനറൽ സെക്രട്ടറി, പി.ജി.എസ്.എ
23. ശ്രീ.ശശികുമാർ, കേരള സർക്കാർ ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ